**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2393** **16-03-2022 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ പർച്ചേസ് സിസ്റ്റം, ഷോപ്പ് ആവറേജ്, സെയിൽസ് ഡാറ്റാ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നിലവിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ടോ; ഇതര സംസ്ഥാന സർക്കാരുകൾ ചെയ്യുന്നതുപോലെ മദ്യവില്പനയുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും അതാത് ദിവസം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് നടപടികൾ സുതാര്യമാക്കുമോ; | (എ) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ പർച്ചേസ് ഇൻസ്ട്രക്ഷൻ, ഷോപ്പ് ആവറേജ്, സെയിൽസ് ഡാറ്റാ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നിലവിൽ കെ.എസ്.ബി.സി യുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. സമഗ്രമായ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാകുന്ന മുറയ്ക്ക് മേൽ വിശദാംശങ്ങൾ അതാത് ദിവസം തന്നെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ചില കമ്പനികളുടെ ബ്രാൻഡുകൾ മാത്രം വിൽക്കുന്നതിനായി കെ.എസ്.ബി.സി. യിൽ ഗ്രീൻ ചാനൽ എന്ന പേരിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; ഇപ്രകാരം വില്പന നടത്തുന്നതിന് ജീവനക്കാർക്ക് രേഖാമൂലം നിർദേശം നൽകിയിട്ടുണ്ടോ; മേൽപ്പറഞ്ഞ രീതിയിൽ കച്ചവടം നടത്തുവാൻ വാട്സ്ആപ്പ് സന്ദേശങ്ങളിലൂടെ നിർദ്ദേശം നൽകാറുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ചില കമ്പനികളുടെ ബ്രാൻഡുകൾ മാത്രം വിൽക്കുന്നതിനായി കെ.എസ്.ബി.സി. യിൽ ഗ്രീൻ ചാനൽ എന്ന പേരിൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. മദ്യവിതരണ കമ്പനികളുമായി 2021-22 കാലയളവിൽ നിലനിൽക്കുന്ന റേറ്റ് കോൺട്രാക്റ്റ് കരാറിൽ പ്രതിപാദിച്ചിരിക്കുന്ന ക്യാഷ് ഡിസ്കൗണ്ട് രീതി മുൻകാലങ്ങളിൽ ഉണ്ടായിരുന്നതുപോലെ തന്നെ തുടരുന്നു. സാധാരണയായി മദ്യകമ്പനികളിൽ നിന്നും കോർപ്പറേഷൻ ഈടാക്കുന്ന ക്യാഷ് ഡിസ്കൗണ്ടിനു അധികമായി 14% ഡിസ്പ്ലേ ചാർജ്ജിനത്തിൽ നൽകുവാൻ തയ്യാറാകുന്ന കമ്പനികളുടെ ഉത്പന്നങ്ങൾ കോർപ്പറേഷന്റേയും സർക്കാരിന്റേയും വരുമാനം വർദ്ധിപ്പിക്കുവാൻ ഉതകുന്നതാണ്. |
| (സി) | കെ.എസ്.ബി.സി. 2020 ഡിസംബർ മാസത്തിലും 2021 ഡിസംബർ മാസത്തിലും വിറ്റത് എത്ര കേസ് മദ്യം വീതമാണ്; 2020 നെ അപേക്ഷിച്ച് 2021 ഡിസംബറിൽ മദ്യ വില്പനയിൽ കുറവ് ഉണ്ടായതിനെത്തുടർന്ന് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്; ഗ്രീൻ ചാനൽ മുഖേനയുള്ള നടപടികളാണ് നഷ്ടത്തിന് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കെ.എസ്.ബി.സി വിൽപ്പന മദ്യത്തിന്റെ കെയ്സുകളുടെ എണ്ണം, ഡിസംബർ 2020 – 2,999,395 ഡിസംബർ 2021 – 3,036,940 2020 ഡിസംബറിനെ അപേക്ഷിച്ച് 2021 ഡിസംബർ മാസത്തിൽ മദ്യ വിൽപ്പനയിൽ കുറവുണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് കെ.എസ്.ബി.സി. യെ സുതാര്യമായി പ്രവർത്തിപ്പിക്കുന്നതിന് മുൻകൈ എടുക്കുമോ; വിശദാംശം നൽകുമോ? | (ഡി) | കെ.എസ്.ബി.സി ഷോപ്പുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനങ്ങൾ കൊണ്ട് വരുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പുതിയ വെയർഹൗസുകൾ ആരംഭിക്കുക, കേന്ദ്രീകൃതവും സമഗ്രവുമായ കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കുക മുതലായവ ഇത്തരത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളാണ്. ടി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാകുന്നതും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുന്നതുമാണ് |

സെക്ഷൻ ഓഫീസർ